(ബി) ടെസ്റ്റിന് മുമ്പ് ഏതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ നിന്ന് ചോദ്യം ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തസ്തികയിലേയ്ക്ക് വീണ്ടും ടെസ്റ്റ് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 29.4.99-ൽ നടത്തിയിട്ടുണ്ട്.

(ബി)-(സി) കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഹൈസ്കൂളിൽ ടി പരീക്ഷയുടെ ചോദ്യം ചോർന്നതായി പരീക്ഷയ്ക്ക് ശേഷം പരാതി ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ട്.

(ഡി) കമ്മീഷൻ നടത്തിയ അന്വേഷണത്തിൽ ടി പരീക്ഷയുടെ ചോദ്യ പേപ്പർ ചോർന്നതായി തെളിഞ്ഞിട്ടില്ല.

(ഇ) ടി പരീക്ഷയ്ക്ക് പകരം പരീക്ഷ നടത്തേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ പി.എസ്.സി. ലിസ്റ്റ്

73 (784) ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ സർക്കാർ ആഫീസുകളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനത്തിനു വേണ്ടി അവസാനമായി പി.എസ്.സി. എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്;

(ബി) ഈ ലിസ്റ്റിൽ എത്രപേരെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം പ്രസ്തുത റാങ്ക് ലിസ്റ്റിൽ തിരിമറി നടത്തിയതായുള്ള ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) കുറ്റക്കാർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ;

(എഫ്) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ജി) ഇപ്പോൾ ഇടുക്കി ജില്ലയിലുള്ള നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(എച്ച്) നിലവിലുള്ള ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്യാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23.3.1999-ൽ പ്രസിദ്ധീകരിച്ചു.

(ബി) 1419 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)-(ഇ) ഇക്കാര്യം പി.എസ്.സി. യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(എഫ്) 7.12.99-ലെ കണക്കനുസരിച്ച് 109 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(ജി)-(എച്ച്) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് നിർദ്ദേശം നിലവിലുണ്ട്. ഇപ്രകാരം ചെയ്യാത്ത നിയമനാധികാരികൾക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ലാസ്റ്റ്ഗ്രേഡ് തസ്തികയിലേയ്ക്കുള്ള നിയമനം

74(785) ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ വകുപ്പുകളിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുന്നതിനും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 17.5.99-ൽ നിലവിൽ വന്നു.

(ബി) 7.12.99-ലെ കണക്കനുസരിച്ച് 380 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം നിലവിലുണ്ട്.

കെ.എ.പി. 4-ാം ബറ്റാലിയൻ റാങ്ക് ലിസ്റ്റ്

75 (786) ശ്രീ. എം.വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly